F 9741 (Pages : 2) Reg. No...............................

Name...................................

# M.Ed. (C.B.C.S.S.) DEGREE EXAMINATION, JANUARY 2012

## First Semester

Core Course

EDU 904.2—ADVANCED METHODOLOGY OF MALAYALAM EDUCATION

(Regular)

Time : Three Hours Maximum Weight : 32

### Part A

ഏതെങ്കിലും **രണ്ടു** ചോദ്യത്തിനുത്തരം എഴുതുക.

ഓരോന്നിനും 4 വെയിറ്റ് വീതം.

1. സെക്കന്ററി തലത്തിലെ ഭാഷാബോധനത്തിന്റെ ലക്ഷ്യങ്ങളെന്തെല്ലാം ?
2. 'ഭാഷ നമ്മുടെ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു'—വിശദമാക്കുക.
3. നാടോടി സാഹിത്യഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം ?
4. 'ജ്ഞാനനിർമ്മിതിവാദം'—എന്താണെന്ന് വിശദമാക്കുക.

(2 × 4 = 8)

### Part B

ഏതെങ്കിലും **ആറു** ചോദ്യത്തിനുത്തരമെഴുതുക.

ഓരോന്നിനും 2 വെയിറ്റ് വീതം.

5. ഭാഷയും ചിന്തയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ?
6. ഭഷാവികസനവുമായി ബന്ധപ്പെട്ട മനശാസ്ത്രതത്വങ്ങൾ ഏതെല്ലാം ?
7. പാഠ്യപദ്ധതി നിർമ്മാണത്തിലെ ഉപപ്രകരണരീതി (Unit-approach) എന്നാലെന്ത് ?
8. ഋജുരീതി (Direct method) വിശദമാക്കുക.
9. 1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിലെ പ്രധാന ശുപാർശകളെന്തെല്ലാം ?
10. മുൻകൂർ സംഘാടന മാതൃകയുടെ വികാസഘട്ടങ്ങൾ വിവരിക്കുക.
11. ആദ്യകാല ഭാഷാബോധന രീതികൾ ഏതെല്ലാം ?
12. പാത്രനാട്യം (Role play) നടത്തുന്നതിനുള്ള ഘട്ടങ്ങൾ ഏവ ?

(6 × 2 = 12)

Turn over

PDF compression, OCR, web optimization using a watermarked evaluation copy of CVISION PDFCompressor

## Part C

ഏതെങ്കിലും **ആറു** ചോദ്യത്തിനുത്തരമെഴുതുക.
ഓരോന്നിനും 1 വെയിറ്റ് വീതം.

13. ദ്വിഭാഷാസമ്പ്രദായം (Bilingualism) എന്നാലന്ത് ?
14. ഇ-ലേണിംഗ് (E-learning) എന്നാലെന്ത് ?
15. ബ്ലൂമിന്റെ വർഗ്ഗീകരണം സംബന്ധിച്ച വിമർശനങ്ങൾ എന്തെല്ലാം ?
16. അധ്യാപനമാതൃകയുമായി ബന്ധപ്പെട്ട 'പ്രത്യക്ഷ ഫലങ്ങൾ' കൊണ്ടർത്ഥമാക്കുന്നതെന്ത് ?
17. കളിരീതിയുടെ ഗുണങ്ങൾ എന്തെല്ലാം ?
18. പാഠ്യപദ്ധതി നിർമ്മാണതത്വങ്ങളിലൊന്നായ 'പക്വനതത്വ'ത്തിൽ പറയുന്ന കാര്യം എന്ത് ?
19. നാടകീകരണത്തിന്റെ ഗുണങ്ങൾ എന്തെല്ലാം ?
20. വൈയക്തിക കുടുംബമാതൃകയിൽ ഉൾപ്പെടുന്ന പ്രധാന മാതൃകകൾ ഏതെല്ലാം ?

(6 × 1 = 6)

## Part D

**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും ½ വെയിറ്റ് വീതം.

21. 'ഭാഷാപരിചയം' ആരുടെ കൃതിയാണ് ?
22. മനശ്ചാലക മണ്ഡലത്തിൽപ്പെടുന്ന ഒരു ബോധനോദ്ദേശ്യം എഴുതുക.
23. 'പരിണാമോന്മുഖ വ്യാകരണം' ആരുടെ സിദ്ധാന്തത്തിൽ ഉൾപ്പെടുന്നു ?
24. 'കേരളപാണിനീയ വിമർശനവും മറ്റും'—ആരെഴുതിയതാണ് ?
25. 'പ്രയോഗം' എന്ന ബോധനോദ്ദേശ്യവുമായി ബന്ധപ്പെട്ട ഒരു സ്പഷ്ടീകരണം എഴുതുക.
26. ഒരു സ്വയം പഠനരീതിയുടെ പേരെഴുതുക.
27. അന്വേഷണപരിശീലനമാതൃക (Inquiry Training model) വികസിപ്പിച്ചതാര് ?
28. സംസ്ഥാപനം (Accommodation) ആരുടെ സിദ്ധാന്തവുമായി ബന്ധപ്പെടുന്നു ?
29. ഏറ്റവും പഴയ ഭാഷാബോധനരീതി ഏത് ?
30. 'വ്യക്തിപര ഉപമകൾ'—ഏതു മാതൃകയിൽ ഉൾപ്പെടുന്നു ?
31. തെരുവുനാടകത്തിന് വിഷയമാക്കാൻ പറ്റിയ ഒരു ആനുകാലിക വിഷയം നിർദ്ദേശിക്കുക.
32. ബോധോദയ ഘട്ടം (Intuitive stage) ഏത് സിദ്ധാന്തത്തിൽ ഉൾപ്പെടുന്നു ?

(12 × ½ = 6)